# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021





കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി7/113/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 23/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി7/113/22 തീയ്യതി: 23/03/2022

## കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. നാരായണ കമ്മത്ത് പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-01-2022 | 27-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2022 | 27-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഓമനാ രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 01-12-2020 | 29-12-2020 |
| സിജി മാത്യൂ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഷാജി.എസ്.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 14-08-2020 |
| നാരായണ നായ്ക്.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-08-2020 | 09-11-2020 |
| അരുൺകുമാർ.കെ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-11-2020 | 17-11-2020 |
| ബിജുമാത്യു.പി | സെക്രട്ടറി | 18-11-2020 | 31-01-2021 |
| ഗിത എടപ്പരത്തി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2021 | 24-02-2021 |
| നാരായണ നായ്ക്.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-02-2021 | 04-03-2021 |
| ഇ.വിശ്വനാഥൻ | സെക്രട്ടറി | 05-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പദ്മകുമാർ.പി | അസിസ്റ്റന്റ്എക്സി.എഞ്ചിനിയർ | 01-04-2020 | 20-08-2020 |
| മിത്ര.വി | അസിസ്റ്റന്റ്എക്സി.എഞ്ചിനിയർ | 21-08-2020 | 31-03-2021 |
| രാഘവേന്ദ്ര.പി | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 01-04-2020 | 11-10-2020 |
| മിര.എൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 12-10-2020 | 25-10-2020 |
| രാഘവേന്ദ്ര.പി | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 26-10-2020 | 31-03-2021 |
| ബേബി.പി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 14-09-2020 |
| സജിത.എസ് | ശിശു വികസന പദ്ധതി ഓഫീസർ | 15-09-2020 | 01-12-2020 |
| ലതിക പത്രുവളപ്പിൽ | ശിശു വികസന പദ്ധതി ഓഫീസർ | 02-12-2020 | 31-03-2021 |
| ജാസ്മിൻ.സി.എ | ക്ഷീര വികസന ഓഫീസർ | 01-04-2020 | 01-07-2020 |
| ശാലിനി.കെ | ക്ഷീര വികസന ഓഫീസർ | 02-07-2020 | 24-01-2021 |
| പ്രീതി.കെആർ | ക്ഷീര വികസന ഓഫീസർ | 25-01-2021 | 31-03-2021 |
| സത്യചന്ദ്രൻ.പി.എം | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ധനലക്ഷമി.എം | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഈശ്വര നായ്ക്.കെ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മുളിയാർ | 01-04-2020 | 31-03-2021 |
| ഡോ.ദിനു ഗംഗൻ.പി | മെഡിക്കൽ ഓഫീസർ | 01-04-2020 | 09-10-2020 |

| | | | |
|---|---|---|---|
| | താലൂക്ക് ആശുപത്രി ബേഡഡുക്ക | | |
| ഡോ.ഗോപി.വി | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി ബേഡഡുക്ക | 10-10-2020 | 09-02-2021 |
| ഡോ.അമൂല്യ.എം.ടി | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി ബേഡഡുക്ക | 10-02-2021 | 31-03-2021 |
| രാജേഷ്.വി.എസ് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഉഷാർകൃഷ്ണൻ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 29-09-2020 |
| സതീഷ്.എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 30-09-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 31-01-2022)<br>Last Updated By: Jayananda. H (Audit Officer, On 04-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 02-02-2022)<br>Last Updated By: Jayananda. H (Audit Officer, On 02-02-2022) | 1-2 |
| 3 | ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 03-02-2022)<br>Last Updated By: Jayananda. H (Audit Officer, On 03-02-2022) | 1-2-1 |
| 4 | സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തിയിട്ടില്ല<br>Written By: Jayananda. H (Audit Officer, On 03-02-2022)<br>Last Updated By: Jayananda. H (Audit Officer, On 03-02-2022) | 1-2-2 |
| 5 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 03-02-2022)<br>Last Updated By: Jayananda. H (Audit Officer, On 03-02-2022) | 1-2-3 |
| 6 | വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 03-02-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 26-02-2022) | 1-2-4 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 31-01-2022)<br>Last Updated By: Jayananda. H (Audit Officer, On 31-01-2022) | 1-3 |
| 8 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Jayananda. H (Audit Officer, On 31-01-2022)<br>Last Updated By: Priyesh M.K (Computer Assistant, On 22-03-2022) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 31-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 26-02-2022) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yadavakumara. C.H (Asst. Audit Officer, On 31-01-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 31-01-2022) | 1-6 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 31-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 31-01-2022) | 1-7 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 31-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 04-03-2022) | 1-8 |
| 13 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 31-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 31-01-2022) | 1-9 |
| 14 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 31-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 31-01-2022) | 1-10 |
| 15 | ബിഡ് സമർപ്പണ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Janardanan C (Senior Grade Auditor, On 31-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 31-01-2022) | 1-11 |
| 16 | യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി -നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 03-03-2022) | 1-12 |
| 17 | കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1-13 |

| | | |
|---|---|---|
| | നൽകൽ<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 04-03-2022) | |
| 18 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-01-2022)<br>Last Updated By: Priyesh M.K (Computer Assistant, On 22-03-2022) | 1-14 |
| 19 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 29-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 03-03-2022) | 1-15 |
| 20 | നെൽകൃഷിക്ക് കൂലിച്ചെലവ്- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല<br>Written By: Janardanan C (Senior Grade Auditor, On 31-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 03-03-2022) | 1-16 |
| 21 | ടിആർ7എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 31-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 03-03-2022) | 1-17 |
| 22 | ടെണ്ടർ ചെയ്ത പ്രവൃത്തികൾ- കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Gopalakrishna Nayik (Audit Officer, On 31-01-2022)<br>Last Updated By: Priyesh M.K (Computer Assistant, On 22-03-2022) | 1-18 |
| 23 | സ്രോതസ്സുകളിൽ നിന്നും ജി.എസ്.ടി കുറവു ചെയ്തില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 31-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 28-02-2022) | 1-19 |
| 24 | ഇ ടെണ്ടർ മുഖേന ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ശേഖരിക്കുന്നതിനായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 02-02-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-02-2022) | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 21-01-2022)<br>Last Updated By: Jayananda. H (Audit Officer, On 21-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 31-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 03-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 21-01-2022)<br>Last Updated By: Jayananda. H (Audit Officer, On 21-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 21-01-2022)<br>Last Updated By: Jayananda. H (Audit Officer, On 21-01-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 21-01-2022)<br>Last Updated By: Jayananda. H (Audit Officer, On 21-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 21-01-2022)<br>Last Updated By: Jayananda. H (Audit Officer, On 21-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 31-01-2022) | 4-7 |

| | | |
|---|---|---|
| | Last Updated By: Jayananda. H (Audit Officer, On 31-01-2022) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 21-01-2022)<br>Last Updated By: Jayananda. H (Audit Officer, On 21-01-2022) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 21-01-2022)<br>Last Updated By: Priyesh M.K (Computer Assistant, On 22-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 21-01-2022)<br>Last Updated By: Jayananda. H (Audit Officer, On 04-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 21-01-2022)<br>Last Updated By: Priyesh M.K (Computer Assistant, On 22-03-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2020-21 | |
| 4 | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2020-21 | |
| 5 | 31.03.2021 ലെ ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 8(1)/2020തീയതി 10-03-2020 | റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല. |
| മുന്നിരിപ്പ് | 1,45,000 | |
| വരവ് | 41,31,85,000 | |
| ആകെ | 41,33,30,000 | |
| ചെലവ് | 41,28,93,000 | |
| നീക്കിയിരിപ്പ് | 4,37,000 | |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-2-2 സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-2-3 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-4 വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ.

1 ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2 ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 80,483/- രൂപ ഉണ്ട്. പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3 മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4 ബി-4 ഷെഡ്യൂളിൽ ജോയിന്റ് വെൻച്വർ പ്രോജക്ടുകളുടെ ആകെ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത് ₹55,13,804/- ആണ്. പ്രസ്തുത ഫണ്ട് നിക്ഷേപിച്ചിട്ടുള്ള ട്രഷറി അക്കൗണ്ടിലെ (Treasury Special TSB) നീക്കിയിരിപ്പ് ₹10,00,000/- ആണ്.

5 പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള പല ഗ്രാന്റുകൾക്കും പ്രത്യേക ട്രഷറി/ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതകൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6 വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ 10,100/- രൂപ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 3,02,50,676 |
| വരവ് | 7,07,74,718 |
| ആകെ | 10,10,25,394 |
| ചെലവ് | 7,79,11,672 |
| നീക്കിയിരിപ്പ് | 2,31,13,722 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,65,19,881 | 3,65,19,881 | 3,21,56,349 | 43,63,532 | 88.05 |
| വികസനഫണ്ട് എസ്.സി.പി. | 0 | 76,77,000 | 76,77,000 | 58,40,394 | 18,36,606 | 76.07 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 93,81,128 | 93,81,128 | 82,15,321 | 11,65,807 | 87.57 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 65,37,206 | 65,37,206 | 60,39,381 | 4,97,825 | 92.38 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 68,60,000 | 68,60,000 | 64,20,349 | 4,39,651 | 93.59 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 68,60,000 | 68,60,000 | 13,95,405 | 54,64,595 | 20.34 |

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,21,56,349 | 3,21,56,349 | 3,21,56,349 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 58,40,394 | 58,40,394 | 58,40,394 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 82,15,321 | 82,15,321 | 82,15,321 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 60,39,381 | 60,39,381 | 60,39,381 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 64,20,349 | 64,20,349 | 64,20,349 | 0 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 13,95,405 | 13,95,405 | 13,95,405 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 26,43,018 | 50,32,000 | 76,75,018 | 66,75,018 | 10,00,000 |
| സിൻഡിക്കേറ്റ് ബാങ്ക് ഐ.എ.വൈ -പ്ലാൻ-2094 | 26,43,018 | 4,63,947 | 31,06,965 | 31,06,965 | 0 |
| ദേശസാൽക്കരിച്ച ബാങ്ക്(special Fund) | 1,44,14,208 | 9,01,425 | 1,53,15,633 | 5,45,042 | 1,47,70,591 |
| സിൻഡിക്കേറ്റ്ബാങ്ക് IWMP37418 | 14,64,203 | 44,07,129 | 58,71,332 | 58,71,332 | 0 |
| കെ.ജി.ബി ഐ.എ.വൈ -3986 | 12,70,527 | 40,491 | 13,11,018 | 0 | 13,11,018 |
| കെ.ജി.ബി ഐ.എ.വൈ -സംസ്ഥാന വിഹിതം4230 | 34,07,693 | 1,68,664 | 35,76,357 | 60,060 | 35,16,297 |
| ബേഡഡുക്ക-FSCB ഐ.എ.വൈ -വായ്പ | 2751 | 0 | 2751 | 2751 | 0 |
| ട്രഷറി TSB-നബാർഡ്-0057 | 2,96,911 | 0 | 2,96,911 | 2,96,811 | 0 |

| | | | | | |
|---|---|---|---|---|---|
| സിൻഡിക്കേറ്റ് NREGA2972 | 3,61,072 | 0 | 3,61,072 | 3,61,072 | 0 |
| ജില്ലാ സഹകരണ ബാങ്ക്-257(355(1)) | 64,969 | 1,46,521 | 2,11,490 | 1,34,405 | 77,085 |
| ട്രഷറി TSB-joint Venture-002201 | 63,25,324 | 0 | 63,25,324 | 53,25,324 | 10,00,000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 125 | 11,16,71,803 | 101 | 6,30,73,338 | 0 | 24 | 80.8 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 27 | 2,78,10,720 | 21 | 1,23,65,471 | 44.46 |
| 2 | അസി.എക്സി.എഞ്ചിനിയർ | 4 | 89,43,497 | 2 | 24,44,047 | 27.32 |
| 3 | അസി.എഞ്ചിനിയർ | 61 | 3,39,62,414 | 47 | 2,40,93,273 | 70.94 |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | 6 | 1,43,79,200 | 5 | 32,52,045 | 22.61 |

| | | | | | | |
|---|---|---|---|---|---|---|
| 5 | പട്ടികജാതി വികസന ഓഫീസർ | 4 | 53,50,000 | 4 | 24,75,040 | 46.62 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 9 | 46,97,429 | 9 | 31,23,398 | 66.49 |
| 7 | പട്ടികവർഗ്ഗ വികസന ഓഫീസർ | 3 | 45,50,000 | 3 | 40,00,000 | 87.91 |
| 8 | വ്യവസായ വികസന ഓഫീസർ | 1 | 12,00,000 | 1 | 9,00,000 | 75 |
| 9 | അസിസ്റ്റന്റ് ഡയറക്ടർ/വെറ്റിനറി സർജ്ജൻ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 70,19,966 | 4 | 68,53,722 | 97.63 |
| 10 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 5 | 37,58,577 | 5 | 35,66,342 | 94.88 |
| | ആകെ | 125 | 11,16,71,803 | 101 | 6,30,73,338 | 56.48 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 3,61,072 | 0 | 3,61,072 | 3,61,072 | 0 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-01-2022ന് 4 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

(1) കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| തസ്തികയുടെ പേര് | അനുവദിക്കപ്പെട്ട ജീവനക്കാരുടെ | നിലവിൽ ജീവനക്കാരുടെ |
|---|---|---|

| | എണ്ണം | എണ്ണം |
|---|---|---|
| സെക്രട്ടറി | 1 | 1 |
| ജോയിന്റ് ബി.ഡി.ഒ(ഇ.ജി.എസ്) | 1 | 1 |
| ജോയിന്റ് ബി.ഡി.ഒ(ആർ.എച്ച്) | 1 | 1 |
| ഹെഡ് ക്ലാർക്ക് | 1 | 1 |
| ഹെഡ് അക്കൗണ്ടന്റ് | 1 | 1 |
| സീനിയർ ക്ലർക്ക് | 3 | 3 |
| എൽ.ഡി.ടൈപ്പിസ്റ്റ്. | 1 | 1 |
| എക്സ്റ്റൻഷൻ ഓഫീസർ(പി &എം) | 1 | 1 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 |
| എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) | 1 | 1 |
| ഡ്രൈവർ | 1 | 1 |
| ഓഫീസ് അറ്റന്റന്റ് | 2 | 2 |
| പി.ടി.എസ് | 1 | 1 |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ചു നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 22 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും,വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും,ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും, യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-21 സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് സമയബന്ധിതമായി, കൃത്യമായി പരിശോധിക്കുന്നില്ല. തപാലുകൾ തീർപ്പാക്കിയ തിയതി, രേഖപ്പെടുത്തുകയോ ഡിസ്പോസൽ അടയാളപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ

പരിശോധിക്കേണ്ടതുമാണ്.ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നുണ്ട്.
അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.
വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.
ബ്ലോക്ക് പഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 4 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.
ബ്ലോക്ക് പഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-02-2021 മുതൽ<br>10-02-2021വരെ | 2019-20 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 16-11-2016 മുതൽ | 2011-12മുതൽ | 24-01-2017 |

| | | | |
|---|---|---|---|
| ഓഡിറ്റ് | 24-11-2016 വരെ | 2015-16വരെ | |

1-10 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കുവരുത്തിയ തുകയിൽ നിന്നും മേൽ പ്രകാരം തുക മുതൽ കൂട്ടിയിട്ടില്ല. കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് കാരണം ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-11 ബിഡ് സമർപ്പണ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ കരാറുകാർ അടക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഈ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കി തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി -നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി

1) പ്രൊജക്ട് നം.51/21

അടങ്കൽ - 3,00,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 1,80,000/-രൂപ

1. ബിൽ നം.87/03.09.2020 – 1,20,000/-രൂപ

2.ബിൽ നം.167/01.01.2021 – 60,000/-രൂപ

2)പ്രൊജക്ട് നം.70/21

അടങ്കൽ - 2,00000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 1,20,000/-രൂപ

1. ബിൽ നം.03/11.04.2020 – 1,20,000/-രൂപ

സൂചന-1)ജി.ഒ(എം.എസ്)28/2017/സാംസ്കാരിക വകുപ്പ്/തിയ്യതി-10.10.2017

2)സർക്കുലർ നം.62/സി.ബി.2/18/തിയ്യതി-3.3.2018/തസ്വഭവ(സി.ബി)വകുപ്പ്

കേരളത്തിന്റെ സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, പുതുതലമുറയിൽപ്പെട്ട കുട്ടികളിലും യുവാക്കളിലും കലാഭിമുഖ്യം ഉണർത്തുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആരംഭിച്ച നൂതന പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കലാകാരന്മാർക്ക് വിദഗ്ധ

പരിശീലനം നൽകി സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച ക്ലസ്റ്ററുകളിൽ വിന്യസിച്ച് ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന കമ്മ്യൂണിറ്റി ഹാളുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ എന്നിവിടങ്ങളിൽ വച്ച് കുട്ടികൾക്കും യുവാക്കൾക്കും കലാപരിശീലനം നൽകുന്നതാണ് പദ്ധതി.

ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 4 കലാകാരന്മാരെ വിന്യസിക്കുകയും അവർ 2020 ഏപ്രിൽ മാസം മുതൽ വിവിധ കലാവിഷയങ്ങളിൽ പരിശീലനം നൽകി വരികയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലാണ് ഇവർ പരിശീലനം നൽകിയത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1സുമേഷ്. കെ - പെയിന്റിംഗ്

2.ഉദയകുമാർ - നാടൻപാട്ട്

3.സാഗർ കെ.വി- മറുത്തുക്കളി

4.വിജേഷ് സി.- പൂരക്കളി

വിവിധ മാസങ്ങളിൽ ക്ലസ്റ്റർ കൺവീനർ പരിശീലനം നൽകിയ തിയ്യതികൾ സംബന്ധമായ നൽകുന്ന പത്രിക, സാംസ്കാരിക വകുപ്പ് നൽകുന്ന സാക്ഷ്യപത്രം എന്നിവ അടിസ്ഥാനമാക്കിയാണ് തുക നൽകിയിട്ടുള്ളത്. 2019 ജൂലൈ മാസം മുതൽ നവംബർ വരെ ആകെ 5 മാസം പരിശീലനം നൽകിയതിന് മേൽ ബില്ലുകൾ പ്രകാരം ഈ 4 കലാകാരന്മാർക്ക് ആകെ 3,00,000/- രൂപ നൽകിയിട്ടുണ്ട്.

സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കത്ത് നമ്പർ എ-5/2939/17/സാം.വ/തിയ്യതി - 23.7.2018 പ്രകാരമുള്ള ഈ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം താഴെപ്പറയുന്നവ പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ടോ എന്നതിന് ആധാരമായ താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

